# കാരുണികൻ

Vol.18 No. 01 Jan. 2021

സമഗ്ര ദൈവശാസ്ത്ര മാസിക



## വചനബോധി

## മലങ്കര

# വചനബോധി
## സീറോമലങ്കര



**പത്രാധിപസമിതി**

- ഫാ.ജോയി ചെഞ്ചേരിൽ (എഡിറ്റർ)
- ഫാ.ജെറിൻ വലിയപറമ്പിൽ
- ഫാ.ചാക്കോ വടക്കേത്തലയ്ക്കൽ


## ഉള്ളടക്കം


### ഫെബ്രുവരി 07 — ആനിദെ ഞായർ
**Page : 73**

**യോഹ 5:19 – 29**

- ഡോ. ആൻഡ്രൂസ് മേക്കാട്ടുകുന്നേൽ
- ഫാ. ഏബ്രഹാം നടുവിലേടം

### ഫെബ്രുവരി 14 — കൊത്തിനെ ഞായർ
**Page : 81**

**യോഹ 2:1 – 11**

- ഡോ. ആൻഡ്രൂസ് മേക്കാട്ടുകുന്നേൽ
- ഫാ. നിർമലാനന്ദ് oic

### ഫെബ്രുവരി 21 — ഗർബോ ഞായർ
**Page : 87**

**ലൂക്കാ 5:12 – 16**

- ഡോ. പോൾ കുഞ്ഞാനയിൽ mcbs
- ഫാ. മാത്യു ചിറയിൽ

### ഫെബ്രുവരി 28 — മ്ശറിയോ ഞായർ
**Page : 91**

**മർക്കോ 2:1 – 12**

- ഡോ. പോൾ കുഞ്ഞാനയിൽ mcbs
- ഫാ. അജോ കളപ്പുരയിൽ

# ഫെബ്രുവരി 07
# ആനിദെ ഞായർ

## ഭാഷ്യം

യോഹ 5:19-29

### സന്ദർഭം

ഓർശ്ലേമിലെ അജകവാടത്തിനടുത്ത് ബേത്സഥാ കുളക്കരയിൽ മുപ്പത്തിയെട്ടുവർഷമായി രോഗിയായി കിടന്നിരുന്നവനെ ഈശോ സാബത്തുദിവസം സുഖപ്പെടുത്തിയ സംഭവമാണ് ഇന്നത്തെ സുവിശേഷഭാഗത്തിന്റെ പശ്ചാത്തലം (യോഹ 5:1-18). നിന്റെ കിടക്കയുമെടുത്തുകൊണ്ടു നടക്കുക എന്നു പറഞ്ഞാണ് ഈശോ അയാളെ സുഖപ്പെടുത്തിയത്. അവിടുന്നു സാബത്തു ലംഘിക്കുക മാത്രമല്ല; അങ്ങനെ ചെയ്യാൻ മറ്റുള്ളവരെ പ്രേരിപ്പിച്ചു എന്നുകൂടി യഹൂദർ അവിടുത്തേക്കെതിരെ ആരോപണമുന്നയിച്ചു. താൻ നല്കിയ രോഗശാന്തി സാബത്തുലംഘനമല്ലെന്നും സ്വർഗീയപിതാവിന്റെ പ്ര വർത്തനശൈലി പിന്തുടരുക മാത്രമാണു ചെയ്തതെന്നും ഈശോ സ്ഥാപിച്ചു. ലോകസൃഷ്ടിക്കുശേഷം ഏഴാം ദിവസം സ്രഷ്ടാവായ ദൈവം വിശ്രമത്തിലേക്കു പ്രവേശിച്ചുവെങ്കിലും തന്റെ സൃഷ്ടിയെ പരിപാലിക്കുന്നതിൽനിന്നു ദൈവം പിൻമാറിയില്ല; അത് ഇടതടവില്ലാതെ അവിടുന്നു നിർവഹിച്ചുകൊണ്ടേയിരിക്കുന്നു. ഈ ശോയും പിതാവും ഒന്നാണ് എന്നതിന്റെ തെളിവായാണ് ഈ സംഭവത്തെ ഈശോ വ്യാഖ്യാനിച്ചത്. അവിടുന്നു പറഞ്ഞു: "എന്റെപിതാവ് ഇപ്പോഴും പ്രവർത്തിക്കുന്നു; ഞാനും പ്രവർത്തിക്കുന്നു" (യോഹ 5-17).

## സാരം

പിതാവും പുത്രനും തമ്മിലുള്ള സത്താപരമായ ഐക്യത്തെക്കുറിച്ചു പ്രതിപാദിച്ചുകൊണ്ട് ഈശോ അരുളിച്ചെയ്തു: "പിതാവു ചെയ്യുന്നതെല്ലാം അതുപോലെ പുത്രനും ചെയ്യുന്നു.പിതാവു പുത്രനെ സ്നേഹിക്കുകയും താൻ ചെയ്യുന്നതെല്ലാം അവനു കാണിച്ചുകൊടുക്കുകയും ചെയ്യുന്നു"(യോഹ 5:20). സീറോമലബാർ സഭയിൽ ഇപ്പോൾ ഉപയോഗത്തിലിരിക്കുന്ന രണ്ടാമത്തെ കൂദാശക്രമ (മാർ തെയദോറിന്റെ ക്രമം)ത്തിൽ കാർമികൻ ചൊല്ലുന്ന മൂന്നാമത്തെ പ്രണാമജപം ഈ ആശയം വ്യക്തമായി പ്രതിഫലിപ്പിക്കുന്നുണ്ട്: ആദിമുതൽ എല്ലാ സമയവും ഞങ്ങളുടെ ജീവൻ സംരക്ഷിക്കുന്നതിൽ അങ്ങു ശ്രദ്ധാലുവാകുന്നു. ദൈവത്തിന്റെ ഈ ശ്രദ്ധയുടെ ഭാഗമായാണ് ഈശോ രോഗശാന്തി നല്കിയത്.

സൃഷ്ടികളുടെ പരിപാലനത്തിൽ മാത്രമല്ല, അന്തിമവിധിയിലും പിതാവ് പുത്രന് അധികാരം നല്കിയിരിക്കുന്നു. മനുഷ്യപുത്രനായതുകൊണ്ടു വിധിക്കാനുള്ള അധികാരവും അവനു നല്കിയിരിക്കുന്നു (യോഹ 5:27). ഉയിർപ്പിന്റെ ജീവൻ പ്രാപിക്കാനുള്ള മാർഗവും ഈശോ വ്യക്തമാക്കി: എന്റെ വചനം കേൾക്കുകയും എന്നെ അയച്ചവനെ വിശ്വസിക്കുകയും ചെയ്യുന്നവനു നിത്യജീവനുണ്ട്. അവനു ശിക്ഷാവിധി ഉണ്ടാവുകയില്ല. കാരണം, അവൻ മരണത്തിൽനിന്നു ജീവനിലേക്കു കടന്നിരിക്കുന്നു (യോഹ 5:24). പിതാവായ ദൈവത്തിന്റെ വചനമാണ് മനുഷ്യനായി അവതരിച്ച ഈശോ എന്ന സത്യം സുവിശേഷത്തിന്റെ ആരംഭംമുതൽ നമ്മൾ കാണുന്നതാണ്. ദൈവപുത്രന്റെ സ്വരം ശ്രവിക്കുകയും അതനുസരിച്ചു ജീവിക്കുകയും ചെയ്യുന്നവർ പുത്രനെ അയച്ചവനിൽതന്നെയാണു വിശ്വസിക്കുന്നത്. ഈ വിശ്വാസമാണു നിത്യജീവന്റെ അച്ചാരം. ദൈവത്തിന്റെ ജീവനിലുള്ള ഈ പങ്കുചേരൽ ഭാവിയിലേക്കു മാത്രമായി നീക്കിവയ്ക്കപ്പെടുന്ന ഒരു കാര്യമല്ല; ഇപ്പോൾ ഈ ഭൂമിയിൽവച്ചുതന്നെ വിശ്വസിക്കുന്നവൻ നിത്യമായി ജീവിക്കാൻ ആരംഭിച്ചുകഴിഞ്ഞു.

ഈശോയിൽ വിശ്വസിക്കുകയും അവിടുത്തെ വചനമനുസരിച്ചു ജീവിക്കുകയും ചെയ്യുന്നവർ ഇപ്പോൾതന്നെ നിത്യജീവനിൽ പങ്കുചേരാനാരംഭിക്കുന്നുവെങ്കിലും അന്തിമനാളിലെ വിധിയിലാണ് ആത്യന്തികമായി ദൈവികജീവനിലേക്കു പ്രവേശിക്കുന്നത്. ശവകുടീരങ്ങളിലുള്ളവരെല്ലാം അവന്റെ സ്വരം കേൾക്കുന്ന സമയം വരുന്നു.

അപ്പോൾ, നന്മ ചെയ്തിട്ടുള്ളവർ ജീവന്റെ ഉയിർപ്പിനും തിന്മ ചെയ്തിട്ടുള്ളവർ ശിക്ഷാവിധിയുടെ ഉയിർപ്പിനുമായി പുറത്തുവരും (യോഹ 5:29). വി. മത്തായി അറിയിച്ച സുവിശേഷം 25-ാം അധ്യായത്തിൽ അന്ത്യവിധിയുടെ മാനദണ്ഡങ്ങൾ നമ്മൾ കാണുന്നുമുണ്ട്. എല്ലാ ദിവസവും പരിശുദ്ധ കുർബാനയിൽ നമ്മൾ ഇപ്രകാരം പ്രാർ ത്ഥിക്കുന്നുണ്ടല്ലോ: നിന്റെ സ്തുത്യർഹമായ ഉത്ഥാനംവഴി നീ മഹത്ത്വത്തോടെ ഉയിർപ്പിക്കുമെന്ന പ്രതീക്ഷയിൽ മരിച്ചവരെല്ലാം നിദ്ര ചെയ്യുന്നു. യുഗാന്തത്തിൽ ഈശോയിൽ വിശ്വസിക്കുന്ന നമ്മളെല്ലാവരും എന്നന്നേക്കുമായി ദൈവസന്നിധിയിലേക്കു സ്വീകരിക്കപ്പെടും.

## സന്ദേശം

നമ്മുടെ ദൈവം നമ്മുടെ ജീവൻ സംരക്ഷിക്കുന്നതിൽ സദാ ശ്രദ്ധാലുവാണ് എന്ന സത്യം നമുക്കു വിസ്മരിക്കാതിരിക്കാം. അവിടുത്തെ ജീവനിൽ നമുക്കും പങ്കുലഭിക്കാനായി ഈശോയുടെ വചനമനുസരിച്ചുള്ള ജീവിതം നമുക്കു ക്രമീകരിക്കാം.

**ഡോ. ആൻഡ്രൂസ് മേക്കാട്ടുകുന്നേൽ**

# പ്രസംഗം

## പുണ്യജീവിതത്തിന് ചില മൃതസ്മരണകൾ

വലിയനോമ്പ് സമാഗതമായി. അനുതാപത്തിന്റെയും പ്രായശ്ചിത്താനുഷ്ഠാനങ്ങളുടെയും ഏഴാഴ്ചകൾ വിശ്വാസികളെ കാത്തിരിക്കുന്നു. ആത്മരക്ഷയെയും നിത്യജീവനെയും മുൻനിർത്തി ജീവിതം ക്രമീകരിക്കാനുള്ള തപസ്സിന്റെ കാലം. അതിനൊരുക്കമായി മരണത്തെയും മരിച്ചവരെയുംപറ്റി ധ്യാനിക്കാനുള്ള ദിവസങ്ങളാണ് ഈ ആഴ്ച. പൂർവികർ മരണംവഴി മൺമറഞ്ഞെന്നും മരണം ഒരുനാൾ നമ്മെയും മാടിവിളിക്കുമെന്നും ഈ ദിവസവും ഈ ആഴ്ചയും നമ്മെ അനുസ്മരിപ്പിക്കുന്നു.

മുൻകാലങ്ങളിൽ നോമ്പുകാല ധ്യാനാവസരത്തിൽ ചില ധ്യാനപ്രസംഗകർ കുമ്പസാരത്തിനൊരുക്കമായി നൽകുന്ന സന്ദേശത്തിന്റെ അവസരത്തിൽ ഒരു തലയോട്ടി പീഠത്തിൽ പ്രതിഷ്ഠിച്ചുകൊണ്ടാകും സന്ദേശം നൽകുക. പാപപങ്കിലമായ മനുഷ്യനെ വർണിക്കുമ്പോൾ നിശ്ചേതനമായ ആ തലയോടിനെ ഗദ്ഗദകണ്ഠനായി നോക്കി കണ്ണീരൊപ്പുകയും ചെയ്യുമായിരുന്നു.

*തിലകം ചാർത്തി ചീകിയുമഴകായ്*
*പലനാളായ് പോറ്റിയ ശിരസ്സേ!*
*ഉലകം വെല്ലാൻ ഉഴറിയ നീയോ*
*വിലപിടിയാത്തൊരു തലയോടായി?*

അനുതാപമുണർത്താനും 'നല്ല കുമ്പസാരം' വഴി നല്ല ജീവിതത്തിനു സഹായകമായ തീരുമാനങ്ങൾ എടുത്ത് ധന്യരായി ജീവിതയാത്ര തുടരാനും അത് സഹായകരമായിരുന്നു. മരണത്തെപ്പറ്റിയുള്ള ചിന്ത ജീവിതചെയ്തികളെപ്പറ്റിയുള്ള വീണ്ടുവിചാരത്തിന് പ്രേരണ നൽകുമെന്നത് നിശ്ചയംതന്നെ.

## 1. മരണം അന്ത്യമല്ല

അപ്രതിരോധ്യവും അനിഷേധ്യവുമായ ഒരു തിന്മയായാണ് മാന വരാശി മരണത്തെ ദർശിച്ചിരുന്നത്. ഭീതിയും നഷ്ടബോധവുമാണ് മരണം വിതച്ചിരുന്നത്. ക്രിസ്തുവിന്റെ വെളിപാടു ലഭിച്ച പൗലോസ് മരണത്തെ വെല്ലുവിളിക്കുന്നു: "ഹേ, മരണമേ! നിന്റെ വിഷമുള്ളെ വിടെ? മരണമേ! നിന്റെ വിജയം എവിടെ?... നമ്മുടെ കർത്താവായ യേശുക്രിസ്തുവഴി നമുക്ക് വിജയം നൽകുന്ന ദൈവത്തിന് നന്ദി" (1 കോറി 15:55). ക്രിസ്തുശിഷ്യനായ വി. യോഹന്നാനും അതു തന്നെ പഠിപ്പിച്ചു: "അവിടുന്ന് അവരുടെ മിഴികളിൽനിന്ന് കണ്ണീർ തുടച്ചുനീക്കും. ഇനി മരണം ഉണ്ടായിരിക്കുകയില്ല"(വെളി 21:3). ക്രിസ്തുശിഷ്യർക്ക് ഇങ്ങനെ വിശ്വസിക്കാനും പഠിപ്പിക്കാനും ധൈര്യം പകർന്നത് ക്രിസ്തുവിന്റെ അസന്നിഗ്ധമായ പ്രബോധനങ്ങൾ തന്നെയാണ്.

## 2. മരണാനന്തര ജീവിതം

മരണത്തിനുമുമ്പും അതിനുശേഷവും ജീവന്റെ അടിസ്ഥാനം ദൈവംതന്നെയാണ്. മരണാനന്തരജീവിതം ഇല്ലെന്ന് വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്ത ഒരു പ്രബലവിഭാഗം യഹൂദരായിരുന്നു സദൂക്കായർ. അവർ സമ്പത്തും ധനവും കൈയാളുന്നവരായിരുന്നു. അതിക്രമങ്ങളും അത്യാചാരങ്ങളും നടത്തി ആർഭാടപൂർവം ജീവിതം നയിച്ച അവർക്ക് ന്യായവിധിയും നരകശിക്ഷയും നിഷേധിക്കാനായിരുന്നു ഇഷ്ടം. കണ്ണടച്ച് ഇരുട്ടാക്കുകയും 'തമസ്സല്ലോ സുഖപ്രദം' എന്ന് തമസ്തുതി നടത്താനുമായിരുന്നു അവർക്ക് താൽപര്യം. "വിശുദ്ധലിഖിതങ്ങളോ ദൈവത്തിന്റെ ശക്തിയോ അറിയാത്തതുകൊണ്ടല്ലേ നിങ്ങൾക്ക് തെറ്റുപറ്റുന്നത്" (മർക്കോ 12:24) എന്നാണ് ഈശോ അവരെ വിലയിരുത്തുന്നത്. ക്രൈസ്തവസഭ ലോകത്തിനുനൽകിയ വിലപ്പെട്ട സംഭാവനയാണ് മരണാനന്തരജീവിതത്തെപ്പറ്റിയുള്ള പ്രബോധനം. മോശയുടെ പുസ്തകത്തിൽനിന്നു തന്നെ (പഞ്ചഗ്രന്ഥി) യേശു അവർക്ക് തെളിവുനൽകുകയും ചെയ്തു.

### 3. മാമ്മോദീസ എന്ന രക്തസാക്ഷിത്വം

മാമ്മോദീസാ വെറും ഒരു ക്ഷാളനമോ മുങ്ങിക്കുളിയോ അല്ല. അത് രക്തക്ഷാളനം- രക്തസാക്ഷിത്വംതന്നെയാണ്. "യേശുക്രിസ്തുവിനോട് ഐക്യപ്പെടാൻ ജ്ഞാനസ്നാനം സ്വീകരിച്ച നാമെല്ലാവരും അവന്റെ മരണത്തോട് ഐക്യപ്പെടാനാണ് ജ്ഞാനസ്നാനം സ്വീകരിച്ചതെന്ന് നിങ്ങൾക്ക് അറിഞ്ഞുകൂടേ?... അവന്റെ മരണത്തിന് സദൃശമായ ഒരു മരണത്തിൽ നാം അവനോട് ഐക്യപ്പെട്ടവരായെങ്കിൽ അവന്റെ പുനരുത്ഥാനത്തിന് സദൃശമായ ഒരു പുനരുത്ഥാനത്തിലും നാം അവനോട് ഐക്യപ്പെട്ടവരായിരിക്കും" (റോമാ 6:3-5). ഈശോ മരണം വരിച്ചത് ഏത് മഹത്തായ ലക്ഷ്യത്തിനുവേ ണ്ടിയാ യിരുന്നുവോ, അതേ ലക്ഷ്യപ്രാപ്തിക്കായി യത്നിക്കുന്നവരും വേ ണ്ടി വന്നാൽ മരിക്കാനും സന്നദ്ധനാകേണ്ടവനാണ് സ്നാനം സ്വീകരിച്ച വിശ്വാസി. ജ്ഞാനസ്നാനം ഒരു അടയാളവും അച്ചാരവുമാണ്. വലിയ സമർപ്പണത്തിന്റെയും സന്നദ്ധതയുടെയും അനുസരണത്തിന്റെയും അടയാളമാണ് നാം സ്വീകരിച്ച മാമ്മോദീസ.

### 4. പക്ഷംചേരാനുള്ള വിളി

ക്രിസ്തുവിന്റെ മനുഷ്യാവതാരത്തോടുകൂടി ലോകജനത രണ്ടായി വിഭജിക്കപ്പെട്ടിരിക്കുകയാണ്. ക്രിസ്തുവിൽ ചാരിയും അവനോട് ചേർന്നും നിൽക്കുന്നവർ ഒരുവശത്ത്; അവനിൽനിന്ന് അകന്നുമാറി അവനെ വിസ്മരിച്ചും പരിഹസിച്ചും ജീവിക്കുന്നവർ മറുവശത്ത്. ഈ വേർതിരിവ് തിരുവവതാരംമുതൽ പ്രകടമാണ്. രക്ഷകനെതിരെ വാളുയർത്തിയ ഹേറോദേസ് പക്ഷക്കാർ അന്നും ഇന്നും ലോകത്തിലുണ്ടല്ലോ. കുരിശുമരണസമയത്തും ഇടംവലം തിരിവുകൾ പ്രത്യക്ഷമായി. ഏതുവശംചേർന്ന് നിൽക്കണമെന്നത് തനിക്കുലഭിച്ചിരിക്കുന്ന സ്വാതന്ത്ര്യവും ചിന്താശക്തിയുമുപയോഗിച്ച് അവനവന് തീരുമാനിക്കാം. വിശുദ്ധവചനവും തിരുസ്സഭയും എന്നും അവന്റെ സഹായത്തിനുണ്ടാകും.

## 5. മരണത്തിൽനിന്ന് ജീവനിലേക്ക് കടന്നിരിക്കുന്നു

തന്റെ സ്വർഗസ്ഥനായ പിതാവിനോടുള്ള ബന്ധത്തിന്റെ സവിശേഷത വെളിപ്പെടുത്തിക്കൊണ്ടാണ് രക്ഷകനും ദൈവപുത്രനുമായ ഈശോ തന്നിൽ വിശ്വസിക്കുന്നവർ മരണത്തിൽനിന്ന് ജീവനിലേക്ക് പ്രവേശിച്ചിരിക്കുന്നു എന്നു പ്രസ്താവിച്ചിരിക്കുന്നത്. പുത്രൻ പിതാവിനോട് ഐക്യപ്പെട്ടത് സമ്പൂർണ അനുസരണംകൊണ്ടും മാനസിക ഐക്യംകൊണ്ടും തന്മയീഭാവംകൊണ്ടുമായിരുന്നു. തന്നോട് സമ്പൂർണ അനുസരണം വഴിയും സമ്പൂർണ സ്നേഹംവഴിയും ഐക്യപ്പെട്ടും താദാത്മ്യപ്പെട്ടും തന്മയീഭാവമാർജിക്കുന്നവർക്ക് നിത്യജീവനിലേക്കുള്ള ഉയിർപ്പുണ്ടാകുമെന്ന് രക്ഷകൻ വാഗ്ദാനം നൽകിയിരിക്കുന്നത്.

അപ്പസ്തോലനെ ശ്രവിക്കാം: 'യേശു മരിക്കുകയും വീണ്ടും ഉയിർക്കുകയും ചെയ്തതുപോലെ എന്നും  നാം വിശ്വസിക്കുന്നതുപോലെ, യേശുവിൽ നിദ്രപ്രാപിച്ചവരെ ദൈവം അവനോടുകൂടെ ഉയിർപ്പിക്കും (1 തെസ 4:14). യേശുവിൽ ജീവിക്കുന്നവർക്കല്ലാതെ മറ്റാർക്കാണ് അവനോടുകൂടെ മരിക്കാനും ഉയിർക്കാനും കഴിയുക? ഒരു വിശ്വാസിക്ക് ഒരു മരണമല്ല ഒരായിരം മരണങ്ങളുണ്ട്. കാൽവരിക്രൂശിലെ മരണത്തിന് ബലിപീഠമായത് മരക്കുരിശായിരുന്നു. അവന്റെ ജീവിതബലിയുടെ പീഠം വാസ്തവത്തിൽ ബേത്‌ലെഹെമിലെ പുൽത്തൊട്ടിയിൽ തുടങ്ങി. ക്രിസ്തീയജീവിതം അനേകമരണങ്ങളുടെ ആകെത്തുകയാണ്. നിന്നെപ്രതി നിത്യം ഞങ്ങൾ മരിക്കുന്നു; കൊലയ്ക്കുള്ള ആടിനെപ്പോലെ ഞങ്ങൾ കൊണ്ടുപോകപ്പെടുന്നു എന്നത്രേ ഏശയ്യായും വി. പൗലോസും സാക്ഷ്യം നൽകുന്നത്.

എന്നുപറഞ്ഞാലെന്താണർത്ഥമാക്കുക? ലോകം വച്ചുനീട്ടുന്ന ആർഭാടങ്ങൾ, ആകർഷണങ്ങൾ, പ്രലോഭനങ്ങൾ, സുഖഭോഗാസക്തികൾ എന്നിവയ്ക്ക് പിന്നാലെപോയാൽ നാം ലോകത്തിന്റെ പിണിയാളുകളായി മാറുകയാണ് ചെയ്യുക. അപ്പോൾ ക്രിസ്തുവിൽ നാം ജീവിക്കുന്നില്ല. നമ്മിലെ ക്രിസ്തു മരിക്കുകയാണ്; നമ്മിലെ ദൈവികജീവൻ നാശമടയുകയാണ്. അപ്പോൾ ക്രിസ്തുവിനോടുകൂടി ജീവിക്കാൻ നാം അശക്തരായിത്തീരും. ജീവിക്കാൻ അശക്ത

നാകുന്നവൻ ഉയിർക്കാനും ശക്തിയില്ലാത്തവനുമായിത്തീരും. "ക്രിസ്തുവിനുണ്ടായിരുന്ന ഈ മനോഭാവം- മറ്റുള്ളവരെ ശ്രേഷ്ഠ രായി കരുതുന്ന, താൽപര്യം പരിഗണിക്കുന്ന- നിങ്ങളിൽ ഉണ്ടായി രിക്കട്ടെ" (ഫിലി 2:5) എന്നാണ് ശ്ലീഹാ നൽകുന്ന ഉപദേശം. "സഹോ ദരരെ സ്നേഹിക്കുന്നതുകൊണ്ട് നാം മരണത്തിൽനിന്നും ജീവനി ലേക്ക് കടന്നിരിക്കുന്നു; സ്നേഹിക്കാത്തവനാകട്ടെ മരണത്തിൽത്ത ന്നെ നിലകൊള്ളുന്നു" (1 യോഹ 3:14) എന്നാണ് സ്നേഹത്തിന്റെ അപ്പസ്തോലൻ പഠിപ്പിക്കുന്നത്. വീണ്ടും അദ്ദേഹം പറയുന്നു: "ഏക സത്യദൈവമായ അവിടുത്തെയും അങ്ങ് അയച്ച യേശുക്രിസ്തു വിനെയും അറിയുക എന്നതാണ് നിത്യജീവൻ" (യോഹ 17:3). "നി ന്നെക്കൂടാതെ നിന്നെ സൃഷ്ടിച്ച ദൈവത്തിന് പക്ഷേ, നിന്നെക്കൂ ടാതെ (സഹകരണംകൂടാതെ) നിന്നെ രക്ഷിക്കാൻ കഴിയുകയില്ല" എന്ന് അഗസ്തീനോസ് മല്പാൻ പഠിപ്പിക്കുന്നു. ഈ ലോകത്തിന്റെ ഇമ്പസ്വരങ്ങളുടെ മധ്യേ ഈശോയുടെ സ്വരം ശ്രവിച്ച് രണ്ടുലോക ങ്ങളിലും ജീവൻ പ്രാപിക്കുന്നവരാകാം. ആ സമയം വന്നുകഴിഞ്ഞു (യോഹ 5:25).

**ഫാ. ഏബ്രഹാം നടുവിലേടം**

# ഫെബ്രുവരി 14
# കൊത്തിനെ ഞായർ

## ഭാഷ്യം

യോഹ 2:1-11

### സന്ദർഭം

വിശുദ്ധ യോഹന്നാൻ അറിയിച്ച സുവിശേഷത്തിന്റെ ആദ്യഭാഗം അറിയപ്പെടുന്നത് അടയാളങ്ങളുടെ പുസ്തകം എന്നാണ്. ഈശോ പ്രവർത്തിച്ച അത്ഭുതങ്ങളെ സൂചിപ്പിക്കാനാണ് യോഹന്നാൻ അടയാളം എന്ന പദം ഉപയോഗിക്കുന്നത്. അത്ഭുതങ്ങളുടെ അർത്ഥമെന്താണ് എന്നു വ്യക്തമാക്കുന്നതാണ് ഈ പ്രയോഗം; അത്ഭുതങ്ങൾ ഈശോ ദൈവപുത്രനും പഴയനിയമത്തിൽ വാഗ്ദാനം ചെയ്യപ്പെട്ടിരുന്ന രക്ഷകനായ മിശിഹായുമാണ് എന്ന രഹസ്യത്തിലേക്കുള്ള ചൂണ്ടുപലകകളാണ്. ഈശോയുടെ ദൈവികമഹത്ത്വം വെളിപ്പെടുത്തുന്ന അടയാളങ്ങളാണ് അത്ഭുതങ്ങൾ. സുവിശേഷത്തിന്റെ ആദ്യപകുതിയിൽ യോഹന്നാൻ വിവരിക്കുന്ന ഏഴ് അടയാളങ്ങളിൽ അദ്യത്തേതാണ് രണ്ടാമധ്യായത്തിന്റെ ആരംഭത്തിൽ വിവരിക്കപ്പെടുന്നത്. ഒന്നാമധ്യായത്തിൽ കാണുന്നതുപോലെ ഈശോ വിളിച്ച ആദ്യശിഷ്യന്മാർ (അന്ത്രയോസ്, യോഹന്നാൻ, പത്രോസ്, പീലിപ്പോസ്, നഥാനിയേൽ) കാനായിലെ സംഭവത്തിനു സാക്ഷികളാണ്.

### സാരം

ഗലീലിയായിലെ പട്ടണമായ കാനായിലെ കല്യാണവേളയിലാണ് ഈശോ തന്റെ ആദ്യ അടയാളം പ്രവർത്തിച്ചത്. മൂന്നാം ദിവസ

മാണ് ഇത് ഈശോ പ്രവർത്തിച്ചത് (യോഹ 2,1) എന്നു പറയുന്നത് മൂന്നാംനാളിലെ ഉത്ഥാനമഹത്വത്തിന്റെ മുന്നോടിയാണ് ഈ അട യാളം എന്നു ദ്യോതിപ്പിക്കാനാണ്. എന്റെ മണിക്കൂർ ഇനിയും ആയി ട്ടില്ല എന്നവിടുന്നു പറയുമ്പോൾ ഉദ്ദേശിക്കുന്നത് അവിടുത്തെ സഹ ന-മരണോത്ഥാനങ്ങളുടെ (മഹത്വീകരണത്തിന്റെ) സമയത്തെയാ ണ്. വിവാഹവിരുന്നിലെ ഈശോയുടെ സാന്നിധ്യത്തെക്കുറിച്ചു പറ യുന്നതിനുമുമ്പേ അവിടുത്തെ അമ്മയെക്കുറിച്ചു പ്രതിപാദിക്കുന്നത് ഈ സംഭവം വ്യാഖ്യാനിക്കുന്നതിനുള്ള താക്കോലാണ്. മറിയം എന്ന പേരു പറയാതെ, ഈശോയുടെ അമ്മ എന്നുമാത്രമേ സുവിശേഷ കൻ വിവരണത്തിലുടനീളം എഴുതുന്നുള്ളൂ. അവിടെ വീഞ്ഞു തീർ ന്നുപോയപ്പോൾ ആ വിവരം ഈശോയെ അറിയിക്കുന്നത് ഈ അമ്മ യാണ്. സ്ത്രീയേ എന്ന ഈശോയുടെ അഭിസംബോധന ഈ സംഭ വത്തിന്റെ പ്രതീകാത്മകസ്വഭാവം വ്യക്തമാക്കുന്നതാണ്. കുരിശിലെ മണിക്കൂറിലും മറിയത്തെ സ്ത്രീയേ എന്ന് അവിടുന്ന് അഭിസംബോ ധന ചെയ്യുന്നുണ്ടല്ലോ (യോഹ 19:26). അമ്മയോടുള്ള ബഹുമാന ക്കുറവുകൊണ്ടല്ല, സ്ത്രീയേ എന്ന് അവളെ ഈശോവിളിക്കുന്നത്. മറിച്ച്, ഉത്പ 3:15 ലെ വാഗ്ദാനത്തിൽ പരാമർശിക്കപ്പെടുന്ന സർപ്പ ത്തിന്റെ തല തകർക്കുന്നവന്റെ അമ്മയായ സ്ത്രീയാണ് പരിശുദ്ധ കന്യകാമറിയം എന്നു വ്യക്തമാക്കാനാണ് ഇത്. മാത്രവുമല്ല, മറിയ ത്തിന്റെ ഇടപെടൽമൂലമല്ല, മറിച്ച് പിതാവായ ദൈവത്തിന്റെ പദ്ധ തിയനുസരിച്ചു മാത്രമാണ് താൻ പരസ്യജീവിതം ആരംഭിക്കുന്നത് എന്നു വെളിവാക്കുക എന്ന ലക്ഷ്യവുമുണ്ട്. പുതിയനിയമ ഇസ്രാ യേലായ തിരുസ്സഭയുടെ പ്രതീകമാണു മറിയം. തിരുസ്സഭയാണ് ഇവി ടുത്തെ മണവാട്ടി; മണവാളൻ ഈശോയും (എഫേ 5:26). മത്താ 22-2 ൽ സ്വർഗരാജ്യത്തെ ഒരു രാജാവ് തന്റെ പുത്രനുവേണ്ടി ഒരു ക്കുന്ന വിവാഹവിരുന്നിനോട് ഉപമിക്കുന്നതു നമ്മൾ കാണുന്നുണ്ട ല്ലോ. യോഹ 3:27-30 ൽ യോഹന്നാൻ മാംദാന ഈശോയെ പുതി യനിയമ മണവാളനായും അവതരിപ്പിക്കുന്നുണ്ട്. വെളി 19:6 ൽ തിരു സഭയുമായുള്ള കുഞ്ഞാടിന്റെ വിവാഹത്തെക്കുറിച്ചുള്ള വിവരണ മുണ്ട്.

അവൻ പറയുന്നതു നിങ്ങൾ ചെയ്യുവിൻ എന്ന അമ്മയുടെ നിർദേശപ്രകാരം പരിചാരകർ കൽഭരണികളിൽ വെള്ളം നിറച്ചപ്പോ

ൾ ഈശോ അത് രുചിയേറിയ വീഞ്ഞാക്കി അത്ഭുതകരമായി രൂപാന്തരപ്പെടുത്തി. പഴയനിയമപ്രകാരമുള്ള ശുദ്ധീകരണകർമത്തിനുള്ള വെള്ളമാണ് വീഞ്ഞായി മാറ്റിയത്. മിശിഹായാണ് പഴയനിയമത്തിന്റെ പൂർത്തീകരണം എന്ന് ഇതു വെളിവാക്കുന്നു. മിശിഹായുടെ നാളുകളിൽ സമൃദ്ധമായി ഏവർക്കും വീഞ്ഞു നല്കപ്പെടുമെന്നു പ്രവാചകന്മാർ മുൻകൂട്ടി അറിയിച്ചിട്ടുണ്ട് (ഏശ 25:6). വാഗ്ദാനം ചെയ്യപ്പെട്ട മിശിഹാ ഈശോയാണ് എന്നതിനു തെളിവായാണ് ഇത്.

## സന്ദേശം

പുതിയനിയമ മണവാളനായ മിശിഹാ പുതിയ ദൈവജനവുമായുള്ള വിവാഹ ഉടമ്പടി സ്വന്തരക്തത്താൽ മുദ്രവച്ചത് തന്റെ പെസഹാരഹസ്യത്തിലൂടെയാണ്. ആ പെസഹാരഹസ്യത്തിന്റെ ആഘോഷമായ പരിശുദ്ധ കുർബാനയിൽ വീഞ്ഞ് തന്റെതന്നെ രക്തമാക്കി രൂപാന്തരപ്പെടുത്തിക്കൊണ്ട് ഈശോ നമ്മെയും കുഞ്ഞാടിന്റെ വിവാഹവിരുന്നിൽ പങ്കാളികളാക്കുന്നു. പരിശുദ്ധ കുർബാനയിൽ സജീവമായി പങ്കെടുത്ത് അവിടുത്തെ ശരീരരക്തങ്ങൾ സ്വീകരിച്ച് നമുക്കും അവിടുന്നു പ്രദാനം ചെയ്യുന്ന രക്ഷയിൽ ഭാഗഭാക്കുകളാകാം.

**ഡോ. ആൻഡ്രൂസ് മേക്കാട്ടുകുന്നേൽ**

# പ്രസംഗം

## പ്രണയത്തിന്റെ പൂത്തുലയൽ

നോമ്പ് എന്ന് കേൾക്കുമ്പോൾ ഉപേക്ഷിക്കലിന്റെ ഓർമകളാണ് ഉണരുന്നത്. മത്സ്യം, മാംസം അങ്ങനെ ഉപേക്ഷിക്കലിന്റെ ഒരു വലിയ പട്ടിക നമ്മുടെ മുമ്പിലേക്ക് കടന്നുവരുകയാണ്. ഏശയ്യാ പ്രവാചകനിലൂടെ ദൈവം ചോദിക്കുന്ന ഒരു ചോദ്യമുണ്ട്: ഇത്തരം ഉപവാസമാണോ ഞാൻ ആഗ്രഹിക്കുന്നത്. ഒരു ദിവസത്തേക്ക് ഒരുവനെ എളിമപ്പെടുത്തുന്ന ഉപവാസം (ഏശ 58:5) മനസ്സിന്റെ ആഴത്തിൽ ഉറച്ചുപോയ നോമ്പുചിന്തകളെ തകിടംമറിക്കുന്ന ചോദ്യം. ഒരു കാലഘട്ടത്തേക്കുമാത്രം എന്നു നാം ചിന്തിക്കുന്ന നോമ്പ്, നമ്മുടെ ജീവിതത്തിന്റെ അടിത്തറയാകേണ്ടതാണ്. ഇത് ഉപേക്ഷിക്കലിന്റെ പട്ടികനിരത്തലല്ല; പ്രണയത്തിന്റെ പൂത്തുലയാണെന്നു നോമ്പിന്റെ വായനകൾ മുമ്പോട്ടുപോകുമ്പോൾ മനസ്സിലാകും. വെള്ളം വീഞ്ഞാക്കുന്നതുമുതൽ കുരിശിൽ അവസാനതുള്ളി രക്തം ചൊരിയുന്നതുവരെയുള്ള ക്രിസ്തുസംഭവം ക്രിസ്തുവിന്റെ മനുഷ്യനോടുള്ള പ്രണയത്തിന്റെ കവിഞ്ഞൊഴുക്കാണെന്നു നാം മനസ്സിലാക്കും.

ഇന്നത്തെ സുവിശേഷത്തിലും പ്രണയത്തിന്റെ കവിഞ്ഞൊഴുക്ക് കാണാൻ സാധിക്കും. മാതാവ് ക്രിസ്തുവിന്റെ മുൻപിൽ വീഞ്ഞ് തീർന്നുപോയി എന്ന വിഷയം അവതരിപ്പിക്കുന്നു സാധാരണഗതിയിൽ വീട്ടുകാരെ മാത്രം പരിഭ്രാന്തിയിൽ ആഴ്ത്തേണ്ട വിഷയം, മാതാവിന്റെ പ്രശ്നം ആയി മാതാവ് ഏറ്റെടുത്തു. ഇത് എനിക്കുള്ള പാഠമാണ്: എന്റെ സഹോദരന്റെ പ്രശ്നം എന്റെ പ്രശ്നമായിതീരാത്തിടത്തോളം; നിന്റെ സഹോദരനെ നിന്നെപ്പോലെ സ്നേഹിക്കണം എന്ന ദൈവകല്പന എന്റെ ജീവിതത്തിൽ നിവർത്തിയാകില്ല. ഇതു ക്രിസ്തുവിന്റെ പ്രണയത്തിന്റെ കരകവിയലായിത്തീരുന്നത് എങ്ങനെയെന്നു മനസ്സിലാക്കണമെങ്കിൽ, എന്റെ സമയം ഇനിയും ആയിട്ടില്ല എന്ന ക്രിസ്തുമൊഴി ധ്യാനിക്കണം.

അത്ഭുതങ്ങളുടെ ആരംഭമാണ് കാനായിലെ അത്ഭുതം. അത്ഭുതങ്ങളുടെ ആരംഭം കുറിച്ചാൽ തന്റെ സമയം എണ്ണപ്പെട്ടുതുടങ്ങും

എന്ന് ക്രിസ്തുവിനറിയാം. തന്റെ ആയുസ്സിന്റെ ദൈർഘ്യം കുറച്ചു കൊണ്ട്; തന്നെ നേരിട്ട് ഒരുതരത്തിലും ബാധിക്കാത്ത ഒരു പ്രശ്ന ത്തിൽ ക്രിസ്തു ഇടപെട്ടെങ്കിൽ അതിന്റെ അർത്ഥം ക്രിസ്തുവിന് ലോകം മുഴുവനോടും ഉള്ള സ്നേഹം ആണ്. എന്നോടു കാട്ടിയത് ഈ സ്നേഹമാണെന്നു മനസ്സിലാകാതെ പോകുന്നതാണ് കാലഘട്ട ത്തിന്റെ സങ്കടം. എന്റെ എല്ലാ കുറവുകളുടെയും നിറവായിത്തീർ ന്നത് ക്രിസ്തുവെന്ന പ്രണയത്തിന്റെ പൂക്കാലം ആണ്. ക്രിസ്തുവി ന്റെ വഴികളിൽ നിന്നും എന്റെ കാലുകൾ വഴുതിയപ്പോൾ എന്നെ ചേർത്തുനിർത്തിയത് ഈ സ്നേഹമാണ്. മാനവസമൂഹത്തിന്റെ കുറവുകളെ നിറവാക്കിത്തീർക്കേണ്ടവരാണ് ക്രിസ്തുവിന്റെ പാത യിലൂടെ നടക്കുന്നവർ എന്ന ഒരു ഓർമ്മപ്പെടുത്തലാണ് ഇത്.

കുറവുകളെ ആഘോഷിക്കുന്നവർ ക്രിസ്തുവിന്റെ എതിരാളിക ളായി മാറുന്നു എന്ന ബോദ്ധ്യപ്പെടുത്തൽ കൂടെയാണ് വെള്ളത്തിന്റെ വീഞ്ഞായി മാറൽ. കരിങ്കല്ലിൽ നിറവും മണവുമില്ലാത്ത ജലം ക്രിസ്തുവിന്റെ പ്രണയത്തിന്റെ മേളപ്പെരുക്കത്തിൽ നുര പൊന്തുന്ന വീഞ്ഞായി മാറുമെന്ന് ഇന്നത്തെ സുവിശേഷം നമ്മെ ഓർമപ്പെടു ത്തും. എന്നിൽ നിറഞ്ഞിരിക്കുന്ന ലഹരി ഏതാണെന്നുള്ള ചോദ്യ വും ഇതിൽ അടങ്ങിയിരിക്കുന്നു. ക്രിസ്തു എന്ന ലഹരി എന്നിൽ നിറയുന്നുണ്ടോ? എങ്കിൽ മാത്രമേ എന്റെ സഹോദരന്റെ കുറവുകൾ കണ്ടെത്താനും അത് പരിഹരിക്കാനും എനിക്ക് സാധ്യമാവൂ. എന്റെ പ്രവൃത്തിയിലൂടെയാണ് അത് വെളിപ്പെട്ടുവരേണ്ടത്. നമ്മിൽ ഒഴി ക്കപ്പെടുന്ന ജലം വീഞ്ഞായി രൂപാന്തരപ്പെടുന്നുണ്ടോ? ക്രിസ്തുവി ന്റെ കൈതൊടാതെ ഒരു ജലവും രൂപാന്തരപ്പെ ടില്ല. ദമാസ്കസി ലേക്ക് പോയ നിറവും മണവും ഇല്ലാത്ത സാവൂൾ ക്രിസ്തുവിന്റെ കൈതൊട്ടപ്പോൾ ആയിരങ്ങളുടെ ലഹരിയായി മാറി; ഞാനോ?

ക്രിസ്തുവിന്റെ കല്പനകൾ അതേപോലെ പാലിക്കുന്നവർ മാ ത്രമേ രൂപാന്തരപ്പെടുകയുള്ളൂ എന്നും ഇന്നത്തെ സുവിശേഷം ന മ്മെ ഓർമിപ്പിക്കുന്നു. എന്നിൽ ഇന്നും ലഹരി നിറഞ്ഞിട്ടില്ലായെങ്കിൽ അതിനർത്ഥം എന്റെ ജീവിതത്തിൽ കല്പനകൾ പൂർത്തീകരിക്കപ്പെ ട്ടില്ല എന്നാണ്. 'ഇതാ ഞാൻ കർത്താവിന്റെ ദാസി' എന്ന പൂർണ സമർപ്പണത്തിൽ മാതാവിന്റെ ഉദരത്തിൽ ക്രിസ്തുവെന്ന ലഹരി

നിറഞ്ഞു. ദൈവത്തിന്റെ നിയമങ്ങൾ കർശനമായി പാലിക്കാനുള്ള ഉൾവെളിച്ചമുണ്ടാകുമ്പോൾ ഞാൻ വേറൊരു ക്രിസ്തുവായി രൂപാന്തരപ്പെടും. നിന്നെപ്പോലെതന്നെ നിന്റെ അയല്ക്കാരനേയും സ്നേഹിക്കണം എന്ന കല്പന പൂർണമായി പാലിക്കപ്പെടുമ്പോൾ ലോകം മുഴുവൻ ക്രിസ്തുവിന്റെ ലഹരികൊണ്ട് നിറയും. കാനായിൽ രൂപാന്തരം പ്രാപിച്ചത് ക്രിസ്തുവെന്ന വീര്യമുള്ള വീഞ്ഞാണ്. ഇത് അനുസരണമെന്ന അടിത്തറയിൽ മാത്രം വളരുന്നതാണ്. ആദിമാതാപിതാക്കൾക്ക് നഷ്ടപ്പെട്ടതും ഇതായിരുന്നു.

അവസാനമായി മൂന്നാം ദിവസത്തിലാണ് ഈ ലഹരി നിറയപ്പെട്ടത് എന്നതും മനസ്സിൽ ഉറപ്പിക്കേണ്ടതാണ്. മൂന്നാം ദിവസം ഗലീലിയിലെ കാനായിൽ ഒരു വിവാഹവിരുന്നു നടന്നു (യോഹ 2:1). മൂന്നാം ദിവസം ഉയിർപ്പിന്റെ ദിവസമാണ്. ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടവർക്കുമാത്രമേ ക്രിസ്തുവിനോടുകൂടെയുള്ള ഉയിർപ്പ് ഉള്ളൂ എന്നതാണ് പ്രധാനം. മൂന്നാംദിവസം വെള്ളം വീര്യമുള്ള വീഞ്ഞായി രൂപാന്തപ്പെട്ടു, മൂന്നാംദിവസം ക്രിസ്തു ഉയിർപ്പിക്കപ്പെട്ടു. ഞാനെന്നഭാവം മരിക്കാത്തവനിൽ, ക്രിസ്തു എന്ന നുര പൊന്തുന്ന വീഞ്ഞ് ഉയിർക്കപ്പെടില്ല. പ്രണയമാണ് നോമ്പ്, അത് കുറവുകളെ നിറവാക്കിത്തീർക്കുന്നതാണ്. അത് എന്നിൽ നിറയണമെങ്കിൽ ഞാനെന്ന ഭാവം മരിക്കണം. ഞാൻ ഇല്ലാതായ ആ ശൂന്യതയിലേക്ക് ക്രിസ്തുവെന്ന വീഞ്ഞ് ഒഴുകിയെത്തും. ഇന്നത്തെ സുവിശേഷത്തിന്റെ ഉൾക്കാഴ്ച കൽഭരണിയായ എന്നിൽ വീഞ്ഞായി നിറയട്ടെ എന്നു പ്രാർത്ഥിക്കാം.

**ഫാ. നിർമ്മലാനന്ദ് oic**

# ഫെബ്രുവരി 21
# ഗർബോ ഞായർ

## ഭാഷ്യം

### ലൂക്കാ 5:12-16

## സന്ദർഭം

വിശുദ്ധ ലൂക്കായുടെ സുവിശേഷം നാലും അഞ്ചും അധ്യായങ്ങളിലാണ് യേശുവിന്റെ പരസ്യജീവിതത്തിന്റെ ആരംഭം കാണുന്നത്. ആദ്യശിഷ്യന്മാരെ തെരഞ്ഞെടുത്തതിനുശേഷം യേശു ചെയ്യുന്ന അത്ഭുതമാണ് ഇന്നത്തെ സുവിശേഷഭാഗം വിവരിക്കുന്നത്.

## സാരം

യഹൂദസമൂഹം പൊതുജീവിതത്തിൽനിന്നും പുറത്താക്കിയ കുഷ്ഠരോഗിയെ സന്മനസ്സോടെ സ്പർശിച്ച് സൗഖ്യമാക്കാൻ യേശു ധൈര്യപ്പെടുന്നു. കുഷ്ഠരോഗിയെ സ്പർശിക്കുന്ന വ്യക്തി യഹൂദനിയമമനുസരിച്ച് അശുദ്ധനായി തീരേണ്ടതാണ് (ലേവ്യ 13:45-46). എന്നാൽ ഇവിടെ ഈശോയുടെ സ്പർശനം അയാളെ ശുദ്ധിയും സൗഖ്യവുമുള്ളവനാക്കി മാറ്റുന്നു. ഇങ്ങനെ ചെയ്യാൻ യേശുവിനെ പ്രാപ്തനാക്കിയത് ഇന്നത്തെ സുവിശേഷം നൽകുന്ന സൂചനയനുസരിച്ച് പിതാവുമായി പ്രാർത്ഥനയിൽ അവിടുന്ന് പുലർത്തിയ ബന്ധമായിരുന്നു (v. 16). യേശുവിന്റെ പ്രാർത്ഥനയെ കാണിക്കാൻ '*പ്രൊസൗഹോമെനോസ്*' എന്ന present participle ഉപയോഗിച്ചുകൊണ്ട് നിരന്തരമായുള്ള പ്രാർത്ഥനയായിരുന്നു അതെന്ന് സുവിശേഷകൻ സാക്ഷ്യപ്പെടുത്തുന്നു.

## സന്ദേശം

നിരന്തരവും ആത്മാർത്ഥവുമായ പ്രാർത്ഥനയിലൂടെ നാം ദൈവത്തോട് പുലർത്തുന്ന ബന്ധമാണ് നമ്മുടെ പ്രവർത്തനങ്ങളെ അനുഗൃഹീതങ്ങളാക്കി മാറ്റുന്നത്. പ്രാർത്ഥന നമ്മുടെ അശുദ്ധികളെയും അയോഗ്യതകളെയും പ്രശ്നങ്ങളെയും അതിജീവിക്കുന്നതിന് നമ്മെ സഹായിക്കുന്നു.

**ഡോ. പോൾ കുഞ്ഞാനയിൽ mcbs**

---

# പ്രസംഗം

## സ്നേഹസ്പർശം

കുഷ്ഠരോഗികളെ സാധാരണയായി യഹൂദസമൂഹത്തിൽനിന്ന് പുറത്താക്കിയിരുന്നു (ലേവ്യ 13:14–16, സംഖ്യ 5:2–3, 12:14–16). കുഷ്ഠരോഗം പകരുമെന്ന ധാരണകൊണ്ടാണ് മനുഷ്യസമൂഹത്തിൽനിന്ന് കുഷ്ഠരോഗികളെ കർശനമായി ഒഴിവാക്കിയിരുന്നത്. കുഷ്ഠരോഗികൾ അശുദ്ധരായിരുന്നതുകൊണ്ട് അവരുമായി ബന്ധപ്പെടുന്ന എല്ലാവരും അശുദ്ധരാകുമെന്ന് അന്ന് യഹൂദർ വിശ്വസിച്ചിരുന്നു. അതിനാൽ കുഷ്ഠരോഗികൾ മനുഷ്യവാസമുള്ള സ്ഥലത്തുനിന്ന് മാറി താമസിച്ചിരുന്നു. ഏത് ത്വക്ക്രോഗത്തെയും കുഷ്ഠമായി അന്നത്തെ ആളുകൾ സംശയിച്ചിരുന്നു.

സ്ഥലം വ്യക്തമാകാത്ത ഒരു യഹൂദപട്ടണത്തിനടുത്തുവച്ച് തന്റെ കുഷ്ഠരോഗം മാറ്റിത്തരണമേയെന്ന് യേശുവിനോട് ഒരാൾ അഭ്യർത്ഥിച്ചു. "കർത്താവേ അങ്ങേക്ക് മനസ്സുണ്ടെങ്കിൽ എന്നെ ശുദ്ധനാക്കാൻ കഴിയും" എന്നാണയാൾ യേശുവിനോട് പറഞ്ഞത്. തനിക്ക് സൗഖ്യം നൽകാൻ യേശുവിന് കഴിയുമെന്ന് അയാൾ പൂർണമായി വിശ്വസിച്ചു. എന്നാൽ അതിനു തടസ്സമായിനിന്നത് യഹൂദ

പാരമ്പര്യമായിരുന്നു. ദൈവദൂഷണമെന്ന കുറ്റത്തിൽ അകപ്പെട്ട ഒരാൾക്കുള്ള ശിക്ഷയായിട്ടായിരുന്നു കുഷ്ഠരോഗംവരുന്നത് എന്ന് യഹൂദർ കരുതിയിരുന്നു. ആ ശിക്ഷ മാറ്റിക്കളയാൻ യേശു തയ്യാറാകുമോ എന്നാണ് കുഷ്ഠരോഗി യേശുവിനോട് ചോദിച്ചതിന്റെ അർ ത്ഥം. യഹൂദചിന്തയനുസരിച്ച് ദൈവത്തിനുമാത്രമേ കുഷ്ഠരോഗികളെ സുഖപ്പെടുത്താനും മരിച്ചവരെ ഉയിർപ്പിക്കാനും സാധ്യമായിരുന്നുള്ളൂ. സ്വന്തം കുടുംബാംഗങ്ങൾപോലും ഒരു കുഷ്ഠരോഗിയെ സ്പർശിക്കുകയോ അയാളുമായി ഇടപഴകുകയോ ചെയ്യാതിരുന്ന ഒരു സമൂഹത്തിലാണ് യേശു ഈ കുഷ്ഠരോഗിയെ സ്പർശിച്ച് സുഖപ്പെടുത്തുന്നത്. ഒരു വാക്കുകൊണ്ട് യേശുവിന് അയാളെ സുഖമാക്കാമായിരുന്നു. എന്നാൽ യേശു തന്റെ കരസ്പർശനംവഴി ദൈവത്തിന്റെ അനുഗ്രഹം നൽകി. അതായത് ദൈവത്തിന്റെ മുമ്പിൽ ആരും അന്യരല്ല എന്നാണ് യേശു എടുത്തുകാണിക്കുന്നത്.

ഇവിടെ തൊട്ടുകൂടായ്മയില്ല; എല്ലാവരും ദൈവത്തിന്റെ വാത്സല്യമക്കളാണ്. തൊലിയുടെ നിറം നോക്കാതെ എല്ലാവരെയും ഒന്നുപോലെ കാണുന്നവനും സ്നേഹിക്കുന്നവനുമാണ് ദൈ വം. കറുത്തമനുഷ്യർ വെളുത്തമനുഷ്യർക്ക് തുല്യരല്ലെന്നു കരുതുകയും കറുത്തമനുഷ്യർക്ക് ആത്മാവുണ്ടോ എന്നുവരെ സംശയിക്കുകയും ചെയ്തിരുന്ന പാശ്ചാത്യസംസ്കാരങ്ങളും ഉണ്ടായിരുന്നുവെന്ന് നാം ഓർമിക്കണം. സൗഖ്യം ലഭിച്ച കുഷ്ഠരോഗിയോട് അയാളുടെ സൗഖ്യം പരസ്യപ്പെടുത്തരുതെന്ന് യേശു ആവശ്യപ്പെടുന്നുണ്ട്. എന്നാൽ മോശയുടെ നിയമത്തിൽ പറയുന്ന നിബന്ധനകൾ പാലിക്കാൻ യേശു അയാളോട് ആവശ്യപ്പെട്ടു. അയാൾ യഹൂദപുരോഹിതരുടെ അടുത്തുപോയി തന്റെ സൗഖ്യം അംഗീകരിച്ചാൽമാത്രമേ അയാൾക്ക് യഹൂദസമൂഹത്തിൽ വീണ്ടും പ്രവേശനം ലഭിക്കുകയുള്ളൂ. അവരുടെ സാക്ഷ്യം ലഭിച്ചശേഷം അവർ കൽപ്പിക്കുന്ന ശുദ്ധീകരണത്തിനുള്ള കാഴ്ച ദൈവാലയത്തിൽ സമർപ്പിക്കണമായിരുന്നു (ലേവ്യ 14:1-22, 13:45-46, സംഖ്യ 5:2-3).

മോശയുടെ നിയമത്തെ ബഹുമാനിക്കുന്ന യേശുവിനെയാണ് നാം ഇവിടെ കാണുന്നത്. അശുദ്ധിയെന്നത് യഹൂദനിയമത്തിൽ പകരുന്ന ഒരു രോഗമായി കണ്ടിരുന്നു, അശുദ്ധരാണെന്ന് യഹൂദനിയമം പറയുന്നവരെ സ്പർശിക്കുമ്പോൾ സ്പർശിക്കുന്നവരെല്ലാം അശുദ്ധരായിത്തീരുമെന്നായിരുന്നു നിയമം. എന്നിട്ടും അശുദ്ധനായ കുഷ്ഠരോഗിയെ യേശു സ്പർശിച്ചു. യേശുവിന്റെ സ്പർശനം അയാളുടെ അശുദ്ധിയും രോഗവും മാറ്റുകയും അയാളെ ശുദ്ധിയായവരുടെ മധ്യത്തിലേക്ക് നയിക്കുകയും ചെയ്തു.

**ഫാ. മാത്യു ചിറയിൽ**

# ഫെബ്രുവരി 28
# മ്ശറിയോ ഞായർ

## ഭാഷ്യം

### മർക്കോ 2:1-12

## സന്ദർഭം

സ്നാപകയോഹന്നാൻ ബന്ധനസ്ഥനായി എന്നു കേട്ടപ്പോൾ ദൈവത്തിന്റെ സുവിശേഷം പ്രസംഗിച്ചുകൊണ്ട് ഗലീലിയിലേക്കു വന്ന യേശു (മർക്കോ 1:14) കഫർണാം കേന്ദ്രമാക്കിയാണ് പ്രവർത്തിക്കുന്നത് (മർക്കോ 1:21). അവിടെ പത്രോസിന്റെയും അന്ത്രയോസിന്റെയും ഭവനത്തിൽവച്ച് ഈശോ തളർവാതരോഗിയെ സൗഖ്യപ്പെടുത്തുന്നതാണ് ഇന്നത്തെ സുവിശേഷം.

## സാരം

തളർവാതം ശരീരത്തെയും മനസ്സിനെയും ആത്മാവിനെയും ഒരുപോലെ ബാധിച്ചേക്കാമെന്ന് ഇന്നത്തെ സുവിശേഷം വ്യക്തമാക്കുന്നു. തളർവാതരോഗി ശാരീരികമായി മാത്രമല്ല, പാപാവസ്ഥയിലായിരുന്നതിനാൽ ആത്മീയമായും തളർത്തപ്പെട്ടിരുന്നു. യേശുവിൽ ദൈവദൂഷണക്കുറ്റമാരോപിച്ച നിയമജ്ഞർ മാനസികതളർവാതം പിടിപ്പെട്ടവരായിരുന്നു. ഇവയ്ക്കെല്ലാം ഒരേസമയം പരിഹാരം കണ്ടെത്തുന്ന യേശു മനുഷ്യജീവിതത്തിലെ എല്ലാ പ്രശ്നങ്ങൾക്കും ഉത്തരം നൽകാൻ പ്രാപ്തനായ കർത്താവാണെന്ന് തെളിയിക്കുന്നു.

## സന്ദേശം

തളർവാതരോഗിയെ എടുത്തുകൊണ്ടുവന്നവരുടെ വിശ്വാസം കണ്ടാണ് യേശു അയാളെ സുഖപ്പെടുത്തിയത്. മറ്റൊരു വ്യക്തിക്കുവേണ്ടി പ്രാർത്ഥിക്കുമ്പോൾ അയാൾ വിശ്വാസത്തിൽ കുറവുകളുള്ള ആളാണെങ്കിൽപോലും പ്രാർത്ഥിക്കുന്നയാളുടെ വിശ്വാസവും ജീവിതവിശുദ്ധിയും പരിഗണിച്ച് ദൈവം അത്ഭുതങ്ങൾ പ്രവർത്തിക്കും.

**ഡോ. പോൾ കുഞ്ഞാനയിൽ mcbs**

---

# പ്രസംഗം

## പാപമോചനത്തിലൂടെ സൗഖ്യം

പാപമോചനത്തിലൂടെ പരിപൂർണസൗഖ്യം നൽകുന്ന യേശുവിനെയാണ് മർക്കോസ് 2:1-12 നമ്മെ പരിചയപ്പെടുത്തുന്നത്. വർഷങ്ങളായി തളർന്നുകിടന്ന ഒരുവനെ നാലുപേർചേർന്ന് കിടക്കയോടെ ചുമന്നുകൊണ്ടുവരുന്നു. ഈശോയുടെ അടുത്തെത്താൻ യാതൊരുമാർഗവും കാണാതെയിരുന്നതുകൊണ്ട്, കഫർണാമിലെ പത്രോസിന്റെ വീടിന്റെ മേൽക്കൂരപൊളിച്ച് കിടക്കയോടെ അവർ തളർവാതരോഗിയെ ഈശോയുടെ മുൻപിൽ ഇറക്കുന്നു. വലിയ ഒരു അത്ഭുതത്തിനാണ് അവർ സാക്ഷ്യം വഹിച്ചത്. കിടക്ക ചുമന്നുകൊണ്ട് ജനക്കൂട്ടത്തിനിടയിലൂടെ തളർന്നവൻ നടന്നുനീങ്ങി.

ഗുരുതരാവസ്ഥയിലായതുകൊണ്ടാണ് അവർ മനസ്സലിഞ്ഞ് അവനെ ഈശോയുടെ അടുത്തെത്തിക്കുന്നത്. ഈശോയുടെ പ്രശസ്തി എത്രമാത്രം വളർന്നിരുന്നു എന്നതിന്റെ തെളിവാണ് പത്രോസിന്റെ വീട്ടിൽ യേശു ഉണ്ടെന്നറിഞ്ഞ് തടിച്ചുകൂടിയ ജനക്കൂട്ടം. സുവിശേഷം പറയാൻ കിട്ടിയ ഒരവസരവും കർത്താവ് പാഴാക്കിയില്ല. മേൽക്കൂര പൊളിക്കുമ്പോൾ അത് ഒന്നും ശ്രദ്ധിക്കാതെ വചനം പഠിപ്പിക്കുകയായിരുന്നു അവൻ.

എല്ലാം അറിയുന്നവനാണല്ലോ ദൈവം. മുൻപിൽ കിടക്കയിൽ തളർന്നുകിടക്കുന്നവന്റെ തളർച്ചയ്ക്ക് കാരണം അവന്റെ പാപങ്ങളാണെന്ന് മനസ്സിലാക്കിയ കർത്താവ് "നിന്റെ പാപങ്ങൾ ക്ഷമിക്ക

പ്പെട്ടിരിക്കുന്നു" എന്ന് പറഞ്ഞ് അവനെ സുഖപ്പെടുത്തുന്നു. ഇസ്രായേലിലെ പുരോഹിതന്മാർക്കുപോലും പാപംമോചിക്കാൻ അധികാരമുണ്ടായിരുന്നില്ല. ദൈവത്തിനുമാത്രമുള്ള അധികാരം നസ്രായനായ യേശുവിന് എങ്ങനെ ഉപയോഗിക്കാൻ കഴിയും എന്ന വിമർശനചിന്തയാണ് പിന്നീട് നിയമജ്ഞരെ ചൊടിപ്പിച്ചത്.

അവരുടെ മുൻപിലേക്ക് ഒരു ചോദ്യം എറിഞ്ഞിട്ട് കർത്താവ് അൽപനേരത്തേക്ക് നിശ്ശബ്ദനായി. ഏതാണ് എളുപ്പം? നിന്റെ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു എന്ന് പറയുന്നതോ, കിടക്കയുമെടുത്ത് നടക്കുക എന്ന് പറയുന്നതോ? സത്യത്തിൽ പാപം ക്ഷമിക്കപ്പെട്ടിരിക്കുന്നു എന്നു പറയുന്നതാണ് എളുപ്പം. കാരണം പാപം ക്ഷമിക്കപ്പെട്ടത് നഗ്നനേത്രങ്ങൾകൊണ്ട് അറിയാൻ കഴിയില്ലല്ലോ. കിടക്കയുമെടുത്ത് നടക്കാൻ പറയുന്നതാണ് ദുഷ്ക്കരം. കാരണം, അത് കൺമുമ്പിൽ നടക്കണം.

തന്റെ പാപമോചനാധികാരത്തിന്റെ അടയാളമായാണ് യേശു തളർവാതരോഗിയെ സുഖപ്പെടുത്തുന്നത്. തളർവാതരോഗിയോട് എഴുന്നേറ്റ് നടക്കാൻ യേശു കൽപ്പിച്ചപ്പോൾ അയാൾ എഴുന്നേറ്റുനടന്നുവെങ്കിൽ അതേ യേശുതന്നെ നിന്റെ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു എന്നു പ്രഖ്യാപിച്ചപ്പോൾ അതും സംഭവിച്ചിട്ടുണ്ട് എന്നാണ് യേശു വ്യക്തമാക്കുന്നത്. യേശുവിന്റെ വാക്കുകൾക്ക് ശാരീരിക സൗഖ്യം നൽകാൻ കെൽപ്പുണ്ടെങ്കിൽ അതേ വാക്കുകൾക്ക് ആത്മീയസൗഖ്യം നൽകാനും കെൽപ്പുണ്ടെന്ന് സാരം.

ആരോഗ്യമുള്ളവർക്കുമാത്രം ചെയ്യാൻകഴിയുന്നകാര്യം യേശു തളർവാതരോഗിയോട് കൽപ്പിക്കുന്നു. ആ കൽപനയുടെ അർത്ഥം അത് നിറവേറ്റാനുള്ള ആരോഗ്യം അവിടുന്നവന് നൽകിയിരിക്കുന്നുവെന്നാണ്. അവിടുന്ന് ആവശ്യപ്പെടുന്ന കാര്യങ്ങൾ നിറവേറ്റാനുള്ള കൃപയും കഴിവും ഈശോ നമുക്ക് നൽകും. മനുഷ്യർക്ക് ചെയ്യാൻ കഴിയാത്തതൊന്നും ദൈവം കൽപ്പിക്കില്ല. അഥവാ കൽപ്പിച്ചാൽ അത് പൂർത്തിയാക്കാനുള്ള കൃപകൂടി അവിടുന്ന് തരും തീർച്ച.

**ഫാ. അജോ കളപ്പുരയിൽ**

Date of Publication: 13 January 2021 / Karunikan RNI No. KERMAL/2007/19623.
Registration No.KL/EKM/ 729/ 2018-20, KL/CR/EKM/WPP-13/2018-2020 (Page 94)

# കാരുണികൻവരിക്കാരുടെ ശ്രദ്ധയ്ക്ക്

കാരുണികന്റെ വരിസംഖ്യ ബാങ്കുവഴി അയയ്ക്കുന്നവർ താഴെ കാണുന്ന അക്കൗണ്ടിൽ നിക്ഷേപിച്ചുകഴിഞ്ഞാലുടൻ ഓഫീസിൽ വിളിച്ചറിയിക്കേണ്ടതാണ്.

**വരിസംഖ്യാനിരക്കുകൾ**

1 വർഷം: 300/-
2 വർഷം: 550/-
3 വർഷം: 800/-
5 വർഷം: 1300 /-

**A/c Name- Director Karunikan**
**No. 17 530 1000 30 870**
**Bank- Federal Bank**
**Branch Thevara**
**IFSC- FDRL0001753**

**Ph: 0484 2663933, 9995802006**

*Printed & Published by Fr. Jacob Naluparayil, Edited by Fr. Joy Chencheril, MCBS House, Perumanoor P.O, Kochi -15, Printed at Viani Printings, Kochi*